**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6604** **11-11-2021 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ആക്ടിന്റെ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ആക്ടിൽ (ഗ്രന്ഥശാല സംഘം നിയമത്തിൽ) കാലികമായ ഭേദഗതി വരുത്തണമെന്ന ഗ്രന്ഥശാല സംഘത്തിന്റെ ആവശ്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഉണ്ട്. കേരള പബ്ലിക് ലൈബ്രറീസ് (കേരള ഗ്രന്ഥശാലാ സംഘം) ആക്ടിൽ കാലികമായ ഭേദഗതികൾ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രസ്തുത ആക്ടിന്റെ 3(2), 3(3), 3(5), 7(5), 8(1), 8(3), 11(1), 11(2), 17(1), 19(1), 19(2), 19(3), 25, 28(4), 28(5), 30(1), 33(3), 35, 40(2), 47, 48(1) എന്നീ വകുപ്പുകളിൽ ഭേദഗതി വരുത്തുന്നതിനുള്ള പ്രൊപ്പോസലാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി സമർപ്പിച്ചിട്ടുള്ളത്. |
| (ബി) | ഇത് ഭേദഗതി ചെയ്യേണ്ടത് അനിവാര്യമാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 1989-ൽ രൂപീകൃതമായ ആക്ട് 2000-ലാണ് അവസാനമായി ഭേദഗതി വരുത്തിയിട്ടുള്ളത്. പ്രസ്തുത ആക്ടിന്റെ കാലികമായ ഭേദഗതി അനിവാര്യമാണ്. |
| (സി) | എങ്കിൽ എത്രയും വേഗം നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി ലഭ്യമാക്കിയ ഭേദഗതി നിർദ്ദേശങ്ങളിൽ, വകുപ്പ് 7(5), 8(1)(എഫ്), 30(1), 30(1)എ, എന്നിവ ഒഴിച്ച് ബാക്കി ഭേദഗതികളിൽ ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് 1989-ലെ കേരള പബ്ലിക് ലൈബ്രറീസ് (കേരള ഗ്രന്ഥശാലാ സംഘം) ആക്ട് കാലികമായി ഭേദഗതി ചെയ്യുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ